**കേരള സർക്കാർ**

**പൊതുഭരണ (എസ്.സി) വകുപ്പ്**

നം. 726/എസ്.സി1/2021/പൊ.ഭ.വ (എസ്.സി) തിരുവനന്തപുരം, തീയതി 31-03-2022

## സർക്കുലർ

വിഷയം:- പൊതുഭരണ വകുപ്പ് – വിവിധ മേഖലകളിൽ സംസ്ഥാന സർക്കാർ അതാത് വകുപ്പുകൾ മുഖേന നൽകിവരുന്ന പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതിന് നേരിട്ട് അപേക്ഷകൾ സമർപ്പിക്കുന്നത് ഒഴിവാക്കി നാമനിർദ്ദേശങ്ങൾ മാത്രം സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്

വിവിധ മേഖലകളിൽ സംസ്ഥാന സർക്കാർ അതത് വകുപ്പുകൾ മുഖേന ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതിലേക്കായി വ്യക്തികൾ തന്നെ നേരിട്ട് അപേക്ഷകൾ സമർപ്പിക്കുന്ന/സമർപ്പിക്കേണ്ടതായ സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഇത്തരത്തിൽ വ്യക്തികൾ സ്വയം അപേക്ഷ സമർപ്പിച്ച് പുരസ്കാരങ്ങൾ നേടുന്നതിൽ ഔചിത്യക്കുറവുള്ളതായി കാണുന്നു.

വിവിധമേഖലകളിൽ സമൂഹത്തിന് സമഗ്രസംഭാവനകൾ നൽകിയിട്ടുള്ള വ്യക്തികൾക്ക് സംസ്ഥാനസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള കേരളപുരസ്കാരങ്ങളുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ, പുരസ്കാരത്തിനായി നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തി, നാമനിർദ്ദേശത്തിനായി വ്യക്തിപരമായ ശിപാർശ നൽകിയിട്ടില്ലെന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തി തന്റെ ബന്ധുവല്ലെന്നുമുള്ള സത്യപ്രസ്താവന നാമനിർദ്ദേശം ചെയ്യുന്നയാൾ/സംഘടന നാമനിർദ്ദേശത്തോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ, ഏജൻസികൾ, അക്കാദമികൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവ മുഖേന നൽകുന്ന പുരസ്കാരങ്ങളുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ചുവടെപ്പറയുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നതിനുള്ള അടിയന്തര നടപടികൾ അതത് വകുപ്പുകൾ സ്വീകരിക്കേണ്ടതാണ്.

1. പുരസ്കാരങ്ങൾക്കായി വ്യക്തികളിൽ നിന്ന് നേരിട്ട് അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല. എന്നാൽ അതത് രംഗങ്ങളുമായി ബന്ധപ്പെട്ടവർക്ക് അർഹരായ വ്യക്തികളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്.
2. പുരസ്കാരത്തിനായി നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തി, നാമനിർദ്ദേശത്തിനായി വ്യക്തിപരമായ ശിപാർശ നൽകിയിട്ടില്ലെന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തി തന്റെ ബന്ധുവല്ലെന്നുമുള്ള സത്യപ്രസ്താവന നാമനിർദ്ദേശം ചെയ്യുന്നയാൾ/ സംഘടന നാമനിർദ്ദേശത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി
/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും.
നിയമം ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (വകുപ്പുമേധാവികളുടെയും വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിലേക്കായി)

പകർപ്പ്

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ